# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 3353      22.08.2017 ൽ മറുപടിയ്ക്ക്

### കൊലയാളി ഗെയിം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.ഉമ്മർ<br>ശ്രീ.പാറക്കൽ അബ്ദുല്ല<br>ശ്രീ.പി.ഉബൈദുള്ള<br>ഡോ.എം. കെ. മുനീർ | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) കൊലയാളി ഗെയിം എന്നറിയപ്പെടുന്ന ബ്ലൂവെയിൽ ഗെയിം പോലെ ആത്മഹത്യ പ്രവണതയുളവാക്കുന്ന മറ്റു ഗെയിമുകൾ സംസ്ഥാനത്ത് വ്യാപകമാകുന്നത് സംബന്ധിച്ച വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യം വിശദമായി പരിശോധിച്ചിട്ടുണ്ടോ; | (എ) ബ്ലൂവെയിൽ ഗെയിം എന്ന് സ്ഥിരീകരിക്കാത്ത വാർത്ത മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ആധികാരികമായി ഇതേവരെ സ്ഥിരീകരിക്കാൻ വേണ്ട വിവരം ലഭിച്ചിട്ടില്ല. |
| (ബി) ഉണ്ടെങ്കിൽ ഇത്തരം സൈബർ ഗെയിമുകൾ തടയുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ; | (ബി) ഇത്തരം സൈബർ ഗെയിം തടയുന്നതിന്റെ മുന്നോടിയായി ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി കേന്ദ്ര സർക്കാരിലേയ്ക്ക് ഈ ആപ്ലിക്കേഷന്റെ ലിങ്കുകൾ ഇന്റർനെറ്റിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള കത്ത് അയച്ചിരുന്നു. നിലവിൽ ഗൂഗിൾ പ്ലേ സ്റ്റോറിലോ, ആപ്പ്സ്റ്റോറിലോ, വിൻഡോസ് പ്ലേ സ്റ്റോറിലോ ഇത്തരത്തിലുള്ള ഗെയിമുകൾ ലഭ്യമല്ല. ഇത്തരം ആപ്ലിക്കേഷൻ സ്റ്റോറുകൾ നിരന്തരം നിരീക്ഷിച്ചു വരുന്നു. |
| (സി) ഇതു സംബന്ധിച്ച് പൊതുജനങ്ങൾക്കിടയിൽ വ്യാപകമായ ബോധവത്ക്കരണം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ? | (സി) ഉണ്ട്. പത്രമാധ്യമങ്ങൾ വഴിയും, സോഷ്യൽ മീഡിയ വഴിയും, പോലീസ് ഇൻഫർമേഷൻ സെന്റർ മുഖാന്തിരവും, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് വഴിയും ബോധവൽക്കരണം നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ.